റെയിൽവേ പദ്ധതികൾ

8 (*488) ശ്രീ. ബാബു എം പാലിശ്ശേരി :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ നടപടികൾ പൂർത്തിയായ എത്ര റെയിൽ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ച് കാത്തിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാനത്തിന് ഏറ്റവും പ്രയോജനകരമായ ഏതെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രാനുമതിക്കായി സമർപ്പിക്കുകയും എന്നാൽ അനുമതി ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ചെയ്യണ്ട കാര്യങ്ങൾ ചെയ്യുന്നതിലുള്ള വീഴ്ച കൊണ്ട് സാധിക്കാത്തതുമായ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 17 എണ്ണം.

(ബി) സർവ്വേ പൂർത്തിയാക്കിയ എല്ലാ പദ്ധതികളും സംസ്ഥാനത്തിന് പ്രയോജനകരമാണ്.

(സി) ഇല്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരുവിധ അലംഭാവവും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിനായി പ്രഖ്യാപിക്കപ്പെട്ട സർവ്വേകൾ എല്ലാം എത്രയുംപെട്ടെന്ന് പൂർത്തിയാക്കി റെയിൽവേ ലൈനുകൾ എത്രയുംവേഗം സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ എല്ലാ വർഷങ്ങളിലേയും റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ചുവരുന്ന വിശദമായ മെമ്മോറാണ്ടങ്ങളിൽ നിരന്തരമായി കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു വരുന്നു. 2015-16-ലെ റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ച് കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിലും ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെയും റെയിൽവേയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly